(സി) ഇതോടനുബന്ധിച്ച് എത്ര ആക്രമണങ്ങൾ നടന്നു;

(ഡി) എത്രപേരെ അറസ്റ്റുചെയ്തു;

(ഇ) ഈ കേസുകളിലെ പ്രതികളുടെ രാഷ്ട്രീയബന്ധം എന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ രാഷ്ട്രീയ പ്രേരിതമായ ആക്രമണങ്ങളുണ്ടായിട്ടുണ്ട്.

(ബി) 2,52,200 (രണ്ടുലക്ഷത്തി അമ്പത്തിരണ്ടായിരത്തി ഇരുനൂറ്) രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കപ്പെടുന്നു.

(സി) 68 ആക്രമണങ്ങൾ നടന്നു.

(ഡി) 344 പേരെ അറസ്റ്റുചെയ്തു.

(ഇ) ഈ കേസുകളിലെ പ്രതികൾ എൽ.ഡി.എഫ്., സി.പി.ഐ.(എം), ഐ.എഫ്.ഡി.പി., ബി.ജെ.പി., യു.ഡി.എഫ്., ഐ.യു.എം.എൽ., ഐ.എൻ.എൽ., കോൺഗ്രസ് (ഐ) എന്നീ രാഷ്ട്രീയപാർട്ടികളുമായി ബന്ധമുള്ളവരാണ്.

വർഗ്ഗീയ സംഘട്ടനങ്ങൾ

44 [44] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് എത്ര വർഗ്ഗീയ ലഹളകൾ നടന്നിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ഡി) വർഗ്ഗീയ ലഹള സംബന്ധിച്ച് എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് 95 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) വർഗ്ഗീയ ലഹളകൾ ഒന്നും നടന്നിട്ടില്ല.

(സി—ഇ) വർഗ്ഗീയ ലഹളകൾ സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. വർഗ്ഗീയ സംഘട്ടനങ്ങൾ സംബന്ധിച്ച് ഈ കാലയളവിൽ 467 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു കേസിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ ആക്രമണം

45 [45] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ എത്ര ഗുണ്ടാ-മാഫിയാ സംഘങ്ങളുടെ ആക്രമണ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇതേ കാലയളവിൽ ജില്ലാ ആസ്ഥാനങ്ങളിൽ ഗുണ്ടാ ആക്രമണംമൂലം എത്രപേർ മരണമടഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര കേസുകളിൽപ്പെട്ട പ്രതികളെ ശിക്ഷിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംഘടിത കുറ്റകൃത്യങ്ങളുടെ ഫലമായി ഇതേകാലയളവിൽ 11 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉത്തരം 'എ'-യിൽ പറയുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ജില്ലാ ആസ്ഥാനങ്ങളിൽ 8 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ ഒരാൾ എറണാകുളം ജില്ലയിലും ഏഴ് പേർ തൃശൂർ ജില്ലയിലുമാണ്.

(സി) എട്ടു കേസുകൾ.

(ഡി) മൂന്നു കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ഇ) ശിക്ഷിച്ചിട്ടില്ല. കേസുകൾ വിചാരണയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly